മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) പശ്ചിമഘട്ട വികസനപരിപാടിയിൽ നീർത്തടാധിഷ്ഠിത വികസന പരിപാടിയിൽ നീർത്തടാധിഷ്ഠിത വികസനത്തിനും ത്വരിതവികസനത്തിനുമായി 2001-02 വർഷത്തിൽ രൂപ 1367 ലക്ഷവും, 2002-03 വർഷത്തിൽ രൂപ 1313.58 ലക്ഷവും ചെലവഴിച്ചു.

(ബി) പ്രസ്തുത പരിപാടിയിൽ സമഗ്ര നീർത്തട വികസനത്തിനും മണ്ണ്, ജല സംരക്ഷണം, കാർഷിക വികസനം, മൃഗ സംരക്ഷണം, വരുമാനദായക പരിപാടികൾ, നടപ്പാലങ്ങൾ, പശ്ചിമഘട്ട മേഖലകളിലെ ആസ്തി പരിപാലനം, അറ്റകുറ്റപണികൾ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി, ഡി) പശ്ചിമഘട്ട വികസന പദ്ധതികൾക്ക് അംഗീകൃത പ്രോജക്ടുക ളുടെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. നീർത്തടാധിഷ്ഠിത പ്രോജക്ടു കൾ 3 വർഷം മുതൽ 5 വർഷം വരെ കാലയളവിൽ ഉള്ളവയാണ്. നടപ്പിലാക്കി വരുന്ന പ്രോജക്ടുകൾ വിവിധ സ്റ്റേജുകളിലായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഓരോ പ്രോജക്ടുകളുടെ കാലാവധി പ്രകാരം പൂർത്തീകരിക്കുന്നതാണ്.

അക്രമസംഘങ്ങൾക്കെതിരെ നടപടി

*15 [14] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന സി. സി. ക്കാരുടെയും കള്ളത്തടി-വ്യാജമദ്യ മാഫിയകൾ തുടങ്ങിയവരുടെയും കൂട്ടായ അക്രമങ്ങളും ഭീഷണിപ്പെടുത്തി പണം തട്ടിയെടുക്കലും സംബന്ധിച്ച് അടുത്ത കാലത്ത് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇവരുടെ അക്രമത്തിന് വിധേയരായിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാ മാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്ക് പോലീസിൽ ആരുടെയെങ്കിലും സംരക്ഷണം ലഭിക്കുന്നു ണ്ടോയെന്ന് പരിശോധിക്കുമോ;

(ഡി) ഇവരെ അമർച്ച ചെയ്യാൻ എന്തെങ്കിലും നടപടികൾ സ്വീകരി ച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത്തരത്തിൽപ്പെട്ട എത്ര പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) വാഹന സി. സി. ക്കാർ, കള്ളത്തടി, വ്യാജമദ്യ മാഫിയകൾ തുടങ്ങിയവയുടെ കൂട്ടായ ആക്രമണ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഇവരുടെ ആക്രമണത്തിന് വിധേയമായത് താഴെ പറയുന്ന ജില്ലകളാണ്:

1. തിരുവനന്തപുരം (റൂറൽ)
2. തിരുവനന്തപുരം സിറ്റി
3. പത്തനംതിട്ട
4. കോട്ടയം
5. കൊച്ചിസിറ്റി
6. എറണാകുളം റൂറൽ
7. തൃശൂർ
8. മലപ്പുറം
9. കോഴിക്കോട് റൂറൽ
10. കാസർഗോഡ്

(സി) പോലീസ് ഇത്തരക്കാർക്ക് സംരക്ഷണം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടി കൈക്കൊള്ളുന്നതാണ്.

(ഡി) സംഘടിത കുറ്റവാളികളേയും കൂലിത്തല്ലുകാരേയും, സ്ഥിരം കുറ്റവാളികളേയും നിരീക്ഷിക്കുകയും അക്രമ പ്രവർത്തനത്തിലേർപ്പെടുന്നവർക്കെതിരെ 107, 109, 110, സി. ആർ. പി. സി. പ്രകാരം നിയമാനുസൃതമായ പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. കുറ്റവാളികളുമായി നിരന്തര സമ്പർക്കം പുലർത്തുന്നവരേയും മറ്റും സദാ നിരീക്ഷിക്കുകയും 10 വർഷത്തെ കുറ്റവാളികളുടെ വിവരം ശേഖരിച്ചുകൊണ്ടുള്ള ഡാറ്റാ ബാങ്ക് ഓപ്പൺ ചെയ്തും ഇതിന്റെ അടിസ്ഥാനത്തിൽ കുറ്റാന്വേഷണ ഉദ്യോഗസ്ഥർ കുറ്റവാളികളെ കണ്ടെത്തി നിയമത്തിൻകീഴിൽ കൊണ്ടുവരികയും ചെയ്തുവരുന്നു.

(ഇ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും കൂലിത്തല്ലും നടത്തുന്ന 436 സ്ഥിരം കുറ്റവാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly